ഭരണഭാഷ-മാതൃഭാഷ

# അനെർട്ട്
# ANERT

Agency for New and Renewable Energy Research and Technology
നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
(Department of Power, Government of Kerala)

YEARS OF CELEBRATING THE MAHATMA

ANERT-ADM/41/2019-OA1(HRM) 21/05/2022

## ക്വട്ടേഷൻ/ലേല നോട്ടീസ്

അനെർട്ടിന്റെ ആസ്ഥാന കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള KL-01-T-5928 അംബാസിഡർ കാർ ലേലം''' ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ തുറക്കുന്നതിനു മുൻപായി പ്രസ്തുത വാഹനം അനെർട്ടിന്റെ ആസ്ഥാന കാര്യാലയത്തിൽ വച്ച് (ലോ കോളേജ് റോഡ്, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം-695033) നിലവിലുള്ള അവസ്ഥയിൽ പരസ്യമായി ലേലം ചെയ്യുന്നതുമാണ്. ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ /ലേലം കൊള്ളുന്നയാൾക്ക് നിബന്ധനകൾക്ക് വിധേയമായി വാഹനം അതിന്റെ റിക്കാർഡുകൾ സഹിതം അനുവദിച്ച് നൽകുന്നതാണ്.

- ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയതിയും സമയവും : 22-06-2022, വൈകുന്നേരം 03.00 മണി വരെ
- ക്വട്ടേഷൻ തുറക്കുന്ന തിയതിയും സമയവും : 23-06-2022, രാവിലെ 11.45 മണിക്ക്
- ലേലം നടത്തുന്ന തിയതിയും സമയവും : 23-06-2022, രാവിലെ 11.30 മണിക്ക്

**പൊതു നിബന്ധനകൾ :**

1. വാഹനവും അതിന്റെ റെക്കോർഡുകളും എല്ലാ പ്രവർത്തി ദിവസങ്ങളിലും (22-06-2022 വരെ) രാവിലെ 10.30 മുതൽ വൈകുന്നേരം 04.00 മണി വരെയുള്ള സമയത്ത് അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ നേരിട്ടെത്തി പരിശോധിക്കാവുന്നതാണ്.
2. ക്വട്ടേഷൻ വെള്ള പേപ്പറിൽ സ്വയം തയ്യാറാക്കാവുന്നതാണ്. ക്വട്ടേഷനിൽ ക്വട്ടേഷൻ സമർപ്പിക്കുന്ന (1).ആളിന്റെ/സ്ഥാപനത്തിന്റെ പേര്, (2).മുഴുവൻ മേൽ വിലാസവും പിൻ കോഡും, (3).ക്വോട്ട് ചെയ്യുന്ന തുക അക്കത്തിലും അക്ഷരത്തിലും, (4). അപേക്ഷകന്റെ പൂർണ്ണ ഒപ്പ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ് . ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ ഫിനാൻസ് സെക്ഷനിൽ അടച്ചതായ അസ്സൽ രസീത് അല്ലെങ്കിൽ ടി തുക നാഷണലൈസ്ഡ് ബാങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട് എന്ന പേരിൽ അടച്ചതായ ഡി.ഡി. യും തിരിച്ചറിയൽ രേഖയുടെ പകർപ്പും സമർപ്പിക്കേണ്ടതാണ്.
3. മേൽ പറഞ്ഞ രേഖകൾ ഉള്ളടക്കം ചെയ്ത് ഒട്ടിച്ച കവറിൽ , കവറിന് പുറത്ത്

"വാഹനത്തിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി അനെർട്ട് കേന്ദ്ര ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, പി.എം.ജി, ലോ കോളേജ് റോഡ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം- 695033 എന്ന വിലാസത്തിലോ നിശ്ചിത തിയതിക്കകം ലഭിക്കും വിധം സമർപ്പിക്കേണ്ടതാണ്.

4. നിശ്ചയിച്ചിട്ടുള്ള അവസാന തിയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. കൂടാതെ നിബന്ധനകൾ പാലിക്കാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകളും പരിഗണിക്കുന്നതല്ല.
5. 23.06.2022 തീയതി രാവിലെ 11.30 ന് വാഹനം പരസ്യമായി ലേലം നടത്തുന്നതാണ്.
6. ലേല നടപടികൾക്ക് ശേഷം അന്നേ ദിവസം രാവിലെ 11.45 ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
7. KL-01-T-5928 CAR ന്റെ റിക്കാർഡുകൾ RC Book, Fitness, tax, insurance എന്നിവ നിലവിലുള്ള അവസ്ഥയിലാണ് നൽകുന്നത്. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നതിനു മുമ്പ് ഇത് കണ്ട് ബോധ്യപ്പെടേണ്ടതാണ്. വാഹനം scrap ആയി ആണ് നൽകുന്നത് RTO Office-ൽ നിന്നും ക്ലിയറൻസും വാങ്ങേണ്ടതാണ്. വാഹനം തുടർന്ന് ഉപയോഗിക്കേണ്ടപക്ഷം ഇതുവരെയുള്ള ടാക്സ്, ഇൻഷ്വറൻസ് എന്നിവ പുതുക്കി വാഹനത്തിന്റെ ഫിറ്റ്നസ് എടുക്കുന്ന ബാധ്യത ലേലം കൊള്ളുന്ന ആൾക്കായിരിക്കും.
8. ഏജന്റുമാരെ പങ്കെടുപ്പിക്കുമ്പോൾ അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മുൻകൂട്ടി അപേക്ഷ നല്കേണ്ടതും പ്രസ്തുത ഏജന്റിന്റെ ഒപ്പ് ലേലക്കാരൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപായി 5000/- രൂപ (രൂപ അയ്യായിരം മാത്രം) നിരതദ്രവ്യം അടക്കുകയും തിരിച്ചറിയൽ രേഖ ഹാജരാക്കുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
10. ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾ നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50 ശതമാനം തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതാണ്.
11. ഇങ്ങനെ ചെയ്യാത്ത പക്ഷം രണ്ടാമതായി ഏറ്റവും ഉയർന്ന തുകയ്ക്ക് ക്വട്ടേഷൻ/ലേലം ലഭിച്ച ആൾക്ക് ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തി നൽകുന്നതും അപ്രകാരം നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50 ശതമാനം തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതാണ്.
12. ഇങ്ങനെയും ചെയ്യാത്ത പക്ഷം മൂന്നാമതായി ഏറ്റവും ഉയർന്ന തുകയ്ക്ക് ക്വട്ടേഷൻ/ലേലം ലഭിച്ച ആൾക്ക് ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതും അപ്രകാരം നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50 ശതമാനം തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതുമാണ്.
13. ലേലം കൊള്ളുന്നവരുടെ നിരതദ്രവ്യം (ആദ്യത്തെ 3 ഉയർന്ന തുക ഒഴികെ) കഴിയുന്നത്ര വേഗത്തിൽ തിരിച്ചു നൽകുന്നതാണ്.
14. ലേലത്തിലും/ക്വട്ടേഷനിലും ഏറ്റവും കൂടിയ നിരക്ക് വന്നവരിൽ ആദ്യത്തെ മൂന്ന് പേരുടെ നിരതദ്രവ്യം അനെർട്ടിൽ സൂക്ഷിക്കുന്നതും ക്വട്ടേഷൻ/ലേലം കൊണ്ട മുഴുവൻ തുകയും, ടി തുകയുടെ 18 ശതമാനം ജി.എസ്.ടി. യും ഒടുക്കുന്ന മുറയ്ക്ക് മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
15. ലേലം കൊണ്ട തീയതി മുതൽ 5 ദിവസത്തിനകം ക്വട്ടേഷൻ/ലേലം കൊണ്ട മുഴുവൻ തുകയും, ടി തുകയുടെ 18 ശതമാനം ജി.എസ്.റ്റി യും ചേർത്ത് അടച്ചുതീർത്തു ലേലം കൊണ്ടയാളുടെ സ്വന്തം ഉത്തരവാദിത്വത്തിലും സ്വന്തം ചെലവിലും വാഹനം കൊണ്ട് പോകേണ്ടതാണ്. അല്ലാത്തപക്ഷം തറവാടകയായി ദിവസം ഒന്നിന് 500/- രൂപാ വീതവും പിഴപ്പലിശയായി ലേലം/ക്വട്ടേഷൻ കൊണ്ട തുകയുടെ 10 ശതമാനം തുകയും ഈടാക്കുന്നതാണ്.
16. മുഴുവൻ തുകയും അടയ്ക്കുന്ന മുറയ്ക്ക് മാത്രമേ വാഹനത്തിന്റെ രേഖകൾ

File No.ANERT-ADM/41/2019-OA1(HRM)

കൈമാറുകയുള്ളൂ. അതിനു ശേഷമേ വാഹനം കൊണ്ട് പോകുന്നതിന് അനുവദിക്കുകയുള്ളൂ.

17. പരമാവധി 15 ദിവസത്തിനകം ലേല വസ്തു മുഴുവൻ സംഖ്യയും, ജി.എസ്.റ്റി. യും വാടകയും, പിഴ പലിശയും അടച്ചുകൊണ്ട് പോകാത്തപക്ഷം പ്രസ്തുത ആളുടെ നിരതദ്രവ്യവും മുൻകൂർ അടച്ച 50 ശതമാനം തുകയും അനെർട്ടിലേയ്ക്ക് കണ്ടു കെട്ടുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതും ഇത്തരക്കാരെ തുടർന്നുള്ള ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതുമല്ല.

18. ഈ ക്വട്ടേഷൻ/ലേല നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാനുള്ള പൂർണ്ണ അധികാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കാണ്.

19. ക്വട്ടേഷൻ/ലേലം യാതൊരു കാരണമോ മുന്നറിയിപ്പോ കൂടാതെ നിർത്തി വയ്ക്കാനോ, നീട്ടി വയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

20. ലേലം/ക്വട്ടേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ വ്യവഹാരമോ വരികയാണെങ്കിൽ അത് തിരുവനന്തപുരത്തുള്ള കോടതികളിൽ മാത്രം കൈകാര്യം ചെയ്യപ്പെടേണ്ടതാണ്.

Narendra Nath Veluri I F S
Chief Executive Officer